(ബി) എത്ര തുകയുടെ ഏതൊക്കെ പദ്ധതികളാണ് കേരളത്തിന് നഷ്ടമായതെന്ന് വിശദമാക്കാമോ ; കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി) കേന്ദ്രപദ്ധതികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകുന്ന തുക അതാത് വർഷം ചെലവഴിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിക്കാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ അനുവദിക്കപ്പെട്ട പദ്ധതിയും തുകയും നഷ്ടപ്പെട്ടുകയില്ല.

വിദ്യാഭ്യാസ വായ്പ പലിശയിളവ്.

74 (T*3041) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽനിന്ന് വിദ്യാഭ്യാസ വായ്പാ പലിശയിളവിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണിച്ചു ; എത്ര തുക പലിശ ഇളവായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പലിശയിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ ജില്ലയ്ക്ക് ഇനിയും ആവശ്യമായ തുക എത്രയാണ് ; ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ബി.പി.എൽ. പലിശ സബ്സിഡി സ്കീം പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും 200 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 200 അപേക്ഷകളിൽനിന്നും സാധുവായ 148 അപേക്ഷകൾ പരിഗണിച്ചിട്ടുള്ളതും ആയതിലേയ്ക്കായി 73,52,509 രൂപ നൽകിയിട്ടുള്ളതുമാണ്.

(സി) 1-4-2004 മുതൽ 31-3-2009 കാലഘട്ടത്തിലെടുത്ത വിദ്യാഭ്യാസ വായ്പയുള്ള പലിശയിളവിന് സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009-ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ള തൊഴിൽരഹിതരായ യുവജനങ്ങൾ മാത്രമാണ് അർഹരായിട്ടുള്ളത്.

ഷെഡ്യൂൾഡ് കൊമേഴ്യൽ ബാങ്കുകളിൽനിന്നും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സ് സ്വദേശത്ത് പഠിക്കുന്നതിന് വായ്പയെടുത്തവർക്കാണ് പലിശയിളവിന് അർഹതയുള്ളത്.

- പഠനം പൂർത്തിയാക്കി ഒരു വർഷംവരെയുള്ള പലിശയ്ക്കാണ് സബ്സിഡി നൽകുന്നത്.
- വായ്പ തിരിച്ചടവ് അക്കൗണ്ട് ക്ലോസ് ചെയ്തവർക്ക് പലിശ സബ്സിഡിക്ക് അർഹതയുണ്ടാവില്ല.
- വായ്പത്തുക ഭാഗികമായി തിരിച്ചടച്ചവർക്കും പലിശ സബ്സിഡി അനുവദനീയമാണ്.
- വിദ്യാഭ്യാസ വായ്പയുടെ 31-3-2009-നുശേഷം അനുവദിച്ചിട്ടുള്ള ഗഡുക്കൾക്ക് പലിശയിളവിന് അർഹതയുണ്ടാവില്ല.

(ഡി) സാധുവായ എല്ലാ കേസുകൾക്കും മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളതിനാൽ ഇനിയും തുക ആവശ്യമില്ല.